ഉത്തരം

(എ) ഉണ്ട്.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ബാധകമല്ല.

ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

93 [1072] ശ്രീ. എം. മുരളി:
,, വി. ജെ. പൗലോസ്:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ ഇപ്പോൾ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എവിടെയെല്ലാം എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നു എന്ന് അറിയിക്കുമോ;

(ഡി) ഫിഷറീസ് വകുപ്പിന്റെ കീഴിൽ സ്കൂളുകൾ ഇല്ലെങ്കിൽ ഈ സ്കൂളുകൾ ഏതു വകുപ്പിന്റെ നിയന്ത്രണത്തിലാണെന്ന് അറിയിക്കുമോ; ഈ സ്കൂളുകളിൽ മത്സ്യബന്ധനമോ സംസ്ക്കരണമോ ആയി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ വലിയതുറ
2. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി
3. ആലപ്പുഴ ജില്ലയിൽ അർത്തുങ്കൽ
4. എറണാകുളം ജില്ലയിൽ തേവര
5. തൃശ്ശൂർ ജില്ലയിൽ ചാവക്കാട്
6. മലപ്പുറം ജില്ലയിൽ താനൂർ
7. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി
8. ബേപ്പൂർ
9. കണ്ണൂർ ജില്ലയിൽ അഴീക്കൽ
10. കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

(സി) സൗജന്യമായി വിദ്യാഭ്യാസം, ഭക്ഷണം, താമസസൗകര്യം എന്നിവ നൽകി വരുന്നു. കൂടാതെ സയൻസ്, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷനും സൗജന്യമായി നൽകി വരുന്നുണ്ട്.

(ഡി) ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 10 സ്കൂളുകളിൽ 7 എണ്ണത്തിൽ ഹൈസ്ക്കൂൾ തലത്തിൽ ഉള്ള ക്ലാസ്സുകൾ കൂടാതെ വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ ഫീഷറീസ് സയൻസ് (മത്സ്യബന്ധനം/സംസ്ക്കരണം) പാഠ്യ വിഷയമാണ്. കൂടാതെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതാനും സ്ക്കൂളുകളിലും ഫിഷറീസ് സയൻസ് പാഠ്യവിഷയമായി അംഗീകരിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ മത്സ്യസംസ്ക്കരണം, അക്വാകൾച്ചർ, ഫിഷിംഗ് ക്രാഫ്റ്റ് ആന്റ് ഗീയർ, മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ ഓഫ് മറൈൻ എൻജിൻ എന്നീ കോഴ്സുകൾ നടത്തിവരുന്നു.

തീരദേശ മേഖലകളിലെ സ്ക്കൂൾ പ്രവേശന അനുപാതവും കൊഴിഞ്ഞുപോകലും

94 [1073] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ സ്ക്കൂൾ പ്രവേശന അനുപാതത്തെക്കുറിച്ചും കൊഴിഞ്ഞുപോകൽ നിരക്കിനെക്കുറിച്ചും എന്തെങ്കിലും പഠനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനങ്ങളുടെ കണ്ടെത്തലുകൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ തീരദേശ മേഖലയിലെ സാമൂഹ്യ വിദ്യാഭ്യാസ പ്രശ്നങ്ങളെ കണ്ടെത്താനും പരിഹരിക്കുവാനും ആവശ്യമായ തരത്തിൽ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവും, വിദ്യാഭ്യാസ പരവുമായ ഉന്നമനത്തിനുവേണ്ടി വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ആനുകൂല്യങ്ങളിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തുക, വൈദ്യുതി എത്താത്ത മത്സ്യഗ്രാമങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക, തീരപ്രദേശത്ത് പ്രത്യേകിച്ച്

LIBRARY ARCHIVES Kerala Legislative Assembly